23 FEB 2021

Directorate of BCDD
E.Office Ref. No.......

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - പോസ്റ്റ് ഗ്രാജ്വേറ്റ് / പ്രൊഫഷണൽ / പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി / എഫ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ 2021 - 2022 അദ്ധ്യയന വർഷം മുതൽ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ. (കൈ)നം. 03/2021/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 18.02.2021.

==============================================================================

പരാമർശം:-
1. സ. ഉ. (എം.എസ്) നം.22/2010/പജ.പവ.വിവ., തീയതി 24.02.2010.
2. സ. ഉ. (എം.എസ്) നം.06/2014/പി.സ.വി.വ., തീയതി 21.02.2014.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 26.05.2020, 29.01.2021 തീയതികളിലെ ബി.സി.ഡി.ഐ.ആർ/ബി2/10/2020 നമ്പർ കത്തുകൾ.

**ഉത്തരവ്**

23/02/21

22/2/2021

SS, A3

പോസ്റ്റ് ഗ്രാജ്വേറ്റ് / പ്രൊഫഷണൽ / പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി/ മറ്റു സമുദായ വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ പ്രകാരമുള്ള ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുക എന്നിവ 2010-2011 അദ്ധ്യയന വർഷം മുതൽ വർദ്ധിപ്പിച്ചുകൊണ്ടും ഇവ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 42,000/- രൂപയായി ഏകീകരിച്ചുകൊണ്ടും പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പോസ്റ്റ് ഗ്രാജ്വേറ്റ് /പ്രൊഫഷണൽ / പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി / മറ്റു സമുദായ വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം 1 പ്രകാരം നിലവിൽ എസ്.ഇ.ബി.സി / മറ്റ് സമുദായ വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന നിരക്ക് ചുവടെ ചേർക്കും പ്രകാരമാണ്.

| കോഴ്സ് | സ്റ്റൈപ്പന്റ് | | ലംപ്സം ഗ്രാന്റ് |
|---|---|---|---|
| | ഡേ സ്കോളേഴ്സ് | ഹോസ്റ്റലേഴ്സ് | |
| പി.ജി. / പ്രൊഫഷണൽ കോഴ്സുകൾ | 200/- | 250/- | 500/- |
| പോളിടെക്നിക് കോഴ്സുകൾ | 100/- | 150/- | 200/- |

4. എസ്.ഇ.ബി.സി / എഫ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജ്വേറ്റ് / പ്രൊഫഷണൽ / പോളിടെക്നിക് കോഴ്സുകൾക്കുള്ള കെ.പി.സി.ആർ. വിദ്യാഭ്യാസാനുകൂല്യം ആനുകാലികമായി വർദ്ധിപ്പിക്കണമെന്ന് പരാമർശം 3 ലെ കത്തുകൾ പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് പോസ്റ്റ് ഗ്രാജ്വേറ്റ് / പ്രൊഫഷണൽ / പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി/എഫ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ.

(.....2)

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 2021 - 2022 അദ്ധ്യയന വർഷം മുതൽ താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കോഴ്സ് | സ്റ്റൈപ്പന്റ് (പ്രതിമാസം) | | ലംപ്സം ഗ്രാന്റ് (പ്രതി വർഷം) |
|---|---|---|---|
| | ഡേ സ്കോളേഴ്സ് | ഹോസ്റ്റലേഴ്സ് | |
| പി.ജി. / പ്രൊഫഷണൽ കോഴ്സുകൾ | 400/- | 500/- | 1000/- |
| പോളിടെക്നിക് കോഴ്സുകൾ | 200/- | 300/- | 400/- |

6. പോസ്റ്റ് ഗ്രാജുവേറ്റ് / പ്രൊഫഷണൽ / പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ചെലവ് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 2225-03-277-99-12 (പ്ലാൻ / നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും, എഫ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ചെലവ് പട്ടികജാതി വികസന വകുപ്പിന്റെ 2225-80-800-99-12 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

7. കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികൾ ഇരട്ട വിദ്യാഭ്യാസ ആനുകൂല്യം കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ / സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ വഴി അനുവദിക്കുന്ന മറ്റ് സ്കോളർഷിപ്പുകൾ ലഭ്യമാകുന്നില്ല എന്ന് സ്ഥാപന മേധാവിയുടെ സത്യവാങ്മൂലം ലഭ്യമാക്കി ആനുകൂല്യം അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**പുനീത് കുമാർ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രവേശന പരീക്ഷാ കമ്മീഷണർ, ശാന്തി നഗർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (WW-WW1/88/2020-Fin, dated 16.02.2021)
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ